aglasem.com

FOR CBSE CLASS 12 PREPARATION

CBSE Class 12 Sample Paper 2027 for Malayalam

EXAM	YEAR	TYPE	SUBJECT
CBSE Class 12	2027	Sample Paper	Malayalam

MALAYALAM (Code 112)
SAMPLE QUESTION PAPER
Class XII (2026-27)

Time Allowed : 3hrs | Maximum Marks: 80

അനുവദിച്ച സമയം: 3 മണിക്കൂർ | ആകെ മാർക്ക്: 80

- The question paper is divided into three sections
- Section A: Reading comprehension - 10 marks
- Section B: Creative writing - 18 marks
- Section C: Literature - 52 marks

Section A /എ വിഭാഗം

1. ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)

എന്താണ് ചെറുകഥ? 'ഏകദേശം ഒരു മണിക്കൂറിനുള്ളിൽ വായിച്ചു തീർക്കാവുന്ന കഥയാണ് ചെറുകഥ' എന്ന് എഡ്ഗർ അലൻ പോ നിർവചിച്ചിട്ടുണ്ട്. ചെറുകഥ ഇന്നതാണെന്ന് പറയുന്നതിനേക്കാൾ ഇന്നതല്ലെന്ന് പറയുന്നതാണ് എളുപ്പം. ചെറുകഥ ഒരു ചെറിയ നോവലാണെന്ന് പലരും ധരിച്ചു വശായിട്ടുണ്ട്. നോവൽ സംക്ഷേപിച്ചാൽ നോവൽസംക്ഷേപമാകും; ചെറുകഥയാവുകയില്ല. നോവൽ ,ചെറുകഥ എന്നിവ രണ്ടും കഥകൾ തന്നെയാണെങ്കിലും ആദർശം, വ്യാപ്തി, ഘടന എന്നിവയിൽ അവ വിജാതീയങ്ങളാണ്. ചെറുകഥയിൽ അവശ്യം വേണ്ടതായ ഗുണം ഏകാഗ്രതയാകുന്നു. ഈ ഗുണം ചെറുകഥയിൽ മാത്രമല്ല സാഹിത്യം, സംഗീതം, ചിത്രം, എഴുത്ത് എന്നിങ്ങനെയുള്ള സുകുമാരകലകളിൽ എല്ലാം അത്യാവശ്യം ആണെന്നുള്ളത് അവിതർക്കിതം തന്നെ. പക്ഷേ ഇവ ഓരോന്നിന്റെയും വ്യാപ്തിക്കനുസൃതമായി ഐകാഗ്ര്യത്തിന് പല പരിണാമവിശേഷങ്ങളും സംഭവിക്കാറുണ്ട്. സാഹിതീരൂപത്തിന്റെ പരിമിതി ആശ്രയിച്ച് ഏകാഗ്രത ദൃഢമായും ശിഥിലമായും ഇരിക്കും. നോവലിലെ പ്രതിപാദ്യ വസ്തുവിന് പ്രായേണ ഐകരൂപമുണ്ടെങ്കിലും വൈചിത്ര്യത്തിനു വേണ്ടി പ്രധാന കഥയോട് ഏറെക്കുറെ സംബന്ധമുള്ള ഉപകഥകളും ഉപപാത്രങ്ങളും നോവൽ കർത്താവ് സ്വീകരിക്കാറുണ്ട്. നോവൽ വായിക്കുന്നവർക്ക് ഉണ്ടാകുന്ന വികാരങ്ങൾക്ക് പ്രകാരാന്തരങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു വികാരം അത്യുഗ്രമായി നിലകൊള്ളുന്നപക്ഷം അത് അത്യന്തം ദുസ്സഹമായിത്തീരുന്നതുകൊണ്ട് അതിന്റെ തീഷ്ണത പരിഹരിക്കാൻ ഇതര വികാരങ്ങൾ ജനിപ്പിക്കുന്ന രംഗങ്ങൾ നോവൽ കർത്താവ് സൃഷ്ടിക്കുന്നു. എന്നാൽ ചെറുകഥയിൽ ഒരു വികാരത്തിന് മാത്രമേ ഇടം ഉള്ളൂ. ഏകാഗ്രതയെ ഭഞ്ജിക്കുകയോ വ്യതിചലിപ്പിക്കുകയോ ചെയ്യുന്ന ഘടകങ്ങൾ ചെറുകഥയിൽ

സ്വീകാര്യമല്ല. അതുകൊണ്ട് ചെറുകഥയ്ക്ക് അന്യാദൃശമായ ഒരു വൈശിഷ്ട്യം ലഭ്യമാകുന്നു. പ്രവൃത്തിപരമായ ചെറുകഥയിൽ മനുഷ്യന്റെ സ്വഭാവത്തെക്കാൾ അവൻ ചെയ്യുന്ന പ്രവൃത്തികൾക്കാണ് പ്രാമുഖ്യം.'ഇനി എന്താണ് സംഭവിക്കാൻ പോകുന്നത്?' എന്നുള്ള ജിജ്ഞാസ വായനക്കാരെ ഉന്മേഷവാന്മാരാക്കുന്നു. ഒരു നായകൻ, ഒരു നായിക, അവരുടെ ശുഭസമാഗമത്തെ പ്രതിരോധിക്കുന്ന ചില കഥാപാത്രങ്ങൾ അല്ലെങ്കിൽ സാഹചര്യങ്ങൾ, വിഘ്നങ്ങളുടെ ദൂരീകരണം അഭീഷ്ട സിദ്ധി എന്നിവയാണ് സാധാരണ കണ്ടുവരുന്ന കഥാഘടകങ്ങൾ. മനുഷ്യ സ്വഭാവത്തിന് പ്രാധാന്യം നൽകുന്ന കൃതികളിലാകട്ടെ സംഭവങ്ങൾ ദുർലഭവും മാനസിക വൃത്തികളുടെ പ്രകാശനം ശ്രദ്ധേയവുമാണ്. നിരൂപകന്മാർ അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ ഒരു മനുഷ്യന്റെ സ്വഭാവത്തെക്കുറിച്ച് പരിപൂർണ്ണ ജ്ഞാനം ലഭിക്കുന്നത് സാധ്യമല്ലാത്തതുകൊണ്ട് സ്വഭാവത്തിന്റെ സൂക്ഷ്മാംശം മാത്രമേ ഓരോ കഥയിലും പ്രകടിതമാകുന്നുള്ളൂ.

ചോദ്യങ്ങൾ (10X1=10)

1. (I) അലൻ പോ ചെറുകഥയെ കുറിച്ച് നിർവചിച്ചിട്ടുള്ളത് എന്ത്?

1. (II) നോവൽ സംക്ഷേപിച്ചാൽ എന്തായി തീരും?

1.(III) ചെറുകഥയ്ക്ക് അവശ്യം വേണ്ട ഗുണം എന്താണ്?

1.(IV) ചെറുകഥയിൽ എന്തിനാണ് ഇടമുള്ളത്?

1.(V) എന്തിനെ ആശ്രയിച്ചാണ് ഏകാഗ്രത ദൃഢമായും ശിഥിലമായും ഇരിക്കുന്നത്?

1.(VI) പ്രവൃത്തിപരമായ ചെറുകഥയിൽ എന്തിനാണ് പ്രാമുഖ്യം നൽകുന്നത്?

1.(VII) എന്താണ് വായനക്കാരെ ഉന്മേഷവാന്മാരാക്കുന്നത്?

1. (VIII)ചെറുകഥയിൽ സ്വീകാര്യമല്ലാത്തതെന്ത്?

1.(IX) സാധാരണ കണ്ടുവരുന്ന കഥാഘടകങ്ങൾ എന്തെല്ലാം?

1.(X) വൈചിത്ര്യത്തിനുവേണ്ടി നോവൽ കർത്താവ് സ്വീകരിക്കുന്നതെന്തെല്ലാം?

1.(XI) നോവൽ, ചെറുകഥ എന്നിവ വിജാതീയങ്ങളായിരിക്കുന്നത് എന്തിലാണ്?

1.(XII) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക.

Section B /ബി വിഭാഗം

2. ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

(1x 6 =6)

A) സാമൂഹ്യമാധ്യമങ്ങളും ആശങ്കകളും.

അല്ലെങ്കിൽ

B) കാർഷിക രംഗത്ത് സ്വയം പര്യാപ്തത നേടേണ്ടതിന്റെ ആവശ്യകത.

3. ലഹരിവസ്തുക്കളുടെ ഉപയോഗം വരുത്തുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി ഒരു ക്ലാസ്സ് സംഘടിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ പ്രിൻസിപ്പൽ എന്ന നിലയിൽ പോലീസ് മേധാവിക്ക് കത്തെഴുതുക. (1x6=6)

4. പരാവർത്തനം ചെയ്യുക (1x2=2)

" മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ "

(ചട്ടം = നിയമം)

5. താഴെപ്പറയുന്ന ഏതെങ്കിലും രണ്ട് ശൈലികളുടെ ശരിയായ അർത്ഥം കണ്ടെത്തി വാക്യം നിർമ്മിക്കുക. (2x1=2)

I) കരകയറുക
II) നാന്ദി കുറിക്കുക
III) കാലു മാറുക

6. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക (2x1=2)

I) അവശനായി കിടക്കുന്ന യുവാവും അവന്റെ കാൽക്കീഴിൽ ഇരിക്കുന്ന യുവതിയും അപ്പോഴും ചലിക്കാത്ത ഒരു നിശ്ചലദൃശ്യം തന്നെയായിരുന്നു.

II) വെള്ളിയിൽ വാർത്തെടുത്തപോലെയുള്ള അതിന്റെ മഞ്ഞുമൂടിയ ഹിമശിഖരം വെയിലേറ്റ് വെട്ടിത്തിളങ്ങുന്നുണ്ടായിരുന്നു.

Section C / സി വിഭാഗം

7. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങളുണ്ട്) (5 x 2=10)

7.(I)" പോക വൈകാതെ നിന്നെകാൺകയിലിച്ഛയില്ല "

(i) ആർക്കാണ് കാണാൻ ഇച്ഛയില്ലാത്തത്?

A. ബാഹുകന്
B. ദുഷ്യന്തന്
C. കാട്ടാളന്
D. ദിവാകരന്

(ii) എന്തുകൊണ്ടാണ് കാണാൻ ഇച്ഛയില്ലാത്തത്?

A. സത്യധർമ്മങ്ങൾ വെടിഞ്ഞതുകൊണ്ട്
B. സജ്ജനങ്ങളെ നിന്ദിച്ചതിനാൽ

C. കോകിലനാരി പോലെപരഭൃതയായതിനാൽ.

D. ശ്രേഷ്ഠജന്മം ആയതിനാൽ.

7.(II)"വേഗേനവെച്ചങ്ങൊരുങ്ങി കൊണ്ടങ്ങു ചെന്നു സാകേതപതിയെ വണങ്ങി"

(i) എന്താണ് വേഗത്തിൽ ഒരുക്കിയത്?

A. ഭക്ഷണം

B. പൂക്കൾ

C. വിളക്ക്

D. തേര്

(ii) ആരാണ് ഒരുക്കിയത്?

A. ഉഗ്രതപസ്

B. ഋതുപർണ്ണൻ

C. ബാഹുകൻ

D. വിശ്വാമിത്രൻ

7.(III)

(i) പുരാണ കഥകളെ കേരളീയ പശ്ചാത്തലത്തിൽ ആവിഷ്കരിച്ച കവി ആര്?

A. എഴുത്തച്ഛൻ

B. കടമ്മനിട്ട രാമകൃഷ്ണൻ

C. ഉണ്ണായിവാര്യർ

D. കുഞ്ചൻ നമ്പ്യാർ

(ii) അദ്ദേഹം ഏതു നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത്?

A. പതിനാറ്

B. പതിനേഴ്

C. പതിനെട്ട്

D. പത്തൊൻപത്

7.(IV)

(i) ഈറ്റപ്പുലി മുരളുന്ന കണ്ണിൽ നിന്ന് ഊറിയടർന്നതെന്ത്?

A. കണ്ണീർ

B. കനിവ്

C. തീത്തുള്ളി

D. മഞ്ഞുതുള്ളി

(ii) ഈ വരികളിൽ സൂചിപ്പിക്കുന്ന ഭാവമെന്ത്?

A. ക്രോധം

B. ദയ

C. ദുഃഖം

D. നിരാശ

7.(V)

(i) പുരാവൃത്തങ്ങളെ സമകാലിക ജീവിത വ്യാഖ്യാനത്തിന് സ്വീകരിക്കുക എന്നത് ആരുടെ കവിതകളുടെ സ്വഭാവമാണ്?

A. ഗ്രേസി

B. ചെറിയാൻ കെ. ചെറിയാൻ

C. ഒ. എൻ. വി. കുറുപ്പ്

D. ബാലചന്ദ്രൻ ചുള്ളിക്കാട്

(ii) അദ്ദേഹത്തിന്റെ കൃതികളിൽപ്പെടാത്തതേത്?

A. പവിഴപ്പുറ്റ്

B. ഐരാവതം

C. രാമന്റെ ദുഃഖം

D. കുശനും ലവനും കുചേലനും

7.(VI)

(i) 'ഖലനല്ലവാക്കുകേട്ടാൽ തോന്നാ' – ആരെക്കുറിച്ചാണ് പറയുന്നത് ?

A. ബാഹുകനെക്കുറിച്ച്

B. ഋതുപർണനെക്കുറിച്ച്

C. ദമയന്തിയെക്കുറിച്ച്

D. കേശിനിയെക്കുറിച്ച്

(ii) നളദമയന്തിമാരുടെ മൂലകഥ കാണപ്പെടുന്നത് ഏത് ഗ്രന്ഥത്തിലാണ്?

A. അഭിജ്ഞാന ശാകുന്തളം

B. രാമായണം

C. മഹാഭാരതം

D. വിക്രമോർവ്വശീയം

8. ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിലും രണ്ട് ഉപചോദ്യങ്ങളുണ്ട്) (5 x 2=10)

8.(I)"അതിശയകരമായ ഈ സാഹസത്തിനു കാരണം എന്റെ ബാലിശമായ പ്രസ്താവനയാണ് "

(i) പ്രസ്താവന എന്ത്?

A. ജലത്തിന് ഒഴുകാൻ കഴിയും

B. പ്രകാശത്തിന് ജലം പോലെ ആകാൻ കഴിയില്ല.

C. പ്രകാശം ജലം പോലെയാണ്.

D. ജലം ടാപ്പു തുറന്നാൽ കുതിച്ചൊഴുകും.

(ii) അപ്പാർട്ട്മെന്റിൽ പ്രകാശത്തിന്റെ വെള്ളപ്പൊക്കം ഉണ്ടാകാൻ കാരണം എന്ത് ?

A. ബൾബ് പൊട്ടിച്ചതു കൊണ്ട്.

B. ഒരേ സമയത്ത് ഒരുപാട് ലൈറ്റുകൾ പ്രകാശിപ്പിച്ചതിനാൽ.

C. തീ കെടുത്തലുകാർ വന്നതു കൊണ്ട്.

D. വെള്ളം കവിഞ്ഞൊഴുകിയതു കൊണ്ട്.

8.(II)"അവരുടെ തിരച്ചിൽ തന്റെ മുന്നിൽ ഒടുങ്ങുന്നുവെന്ന് അയാൾ ഭയപ്പാടോടെ അറിഞ്ഞു."

(i) ആരാണ് അറിഞ്ഞത് ?

A. ഡോക്ടർ

B. ദിവാകരൻ

C. ജോവൽ

D. കഥാകൃത്ത്

(ii) ആരെ കണ്ടപ്പോൾ ?

A. കച്ചവടക്കാരനെ

B. വഴിയാത്രക്കാരനെ

C. കുട്ടികളെ

D. അച്ഛനമ്മമാരെ

8.(III) "ദിവസങ്ങളായി ആ ചെറുപ്പക്കാരി ശങ്കിച്ചു കൊണ്ടിരുന്ന കാര്യത്തിന് ദാ തീർപ്പായി ".

(i) ശങ്കിച്ചു കൊണ്ടിരുന്നകാര്യമെന്ത്?

A. ഡോക്റുടെ ഈഗോ

B. സന്ദർശകയുടെ വരവ്

C. മുജ്ജന്മത്തെക്കുറിച്ചുള്ള ഓർമ്മ

D. യുവാവിന്റെ മരണം

(ii) ഇങ്ങനെ പറയാനുണ്ടായ സാഹചര്യമെന്ത്?

A. ബുദ്ധനെക്കുറിച്ച് പറഞ്ഞപ്പോൾ.

B. പെൺ ഗൗളി ചിലച്ചപ്പോൾ

C. കഥാകൃത്തുക്കളെപ്പറ്റി പറഞ്ഞപ്പോൾ

D. പൊൻകുന്നം വർക്കിയെക്കുറിച്ച് പറഞ്ഞപ്പോൾ.

8.(IV)(i) സഞ്ചാര സ്മരണകളിലൂടെ അനുവാചക ലോകത്തിന്റെ ഹൃദയം കവർന്ന സാഹിത്യകാരൻ ആര്?

A. പി.പത്മരാജൻ

B. എസ്.കെ.പൊറ്റെക്കാട്ട്.

C. കെ.വിശ്വനാഥ്

D. ഗബ്രിയേൽ മാർക്വസ്

(ii) അദ്ദേഹത്തിന് ജ്ഞാനപീഠപുരസ്കാരം നേടിക്കൊടുത്ത കൃതിഏത്?

A. ഒരു ദേശത്തിന്റെ കഥ

B. വിഷകന്യക

C. ഒരു തെരുവിന്റെ കഥ

D. കുരുമുളക്

8.(V)" കണ്ണീർ ഉണങ്ങുന്നതിനു മുമ്പാണ് ആ സന്തോഷവാർത്ത എത്തിയത്"

(i) സന്തോഷ വാർത്ത എന്ത്?

A. ഇന്ത്യക്രിക്കറ്റിൽ വിജയിച്ചു.

B. സച്ചിന് ഭാരതരത്നം ലഭിച്ചു.

C. സച്ചിൻ ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.

D. സച്ചിൻ സെഞ്ച്വറി നേടി.

(ii) ഇത് ഏത് മാസികയിൽ വന്ന ലേഖനമാണ്?

A. മാതൃഭൂമി മാസികയിൽ

B. മനോരമയിൽ

C. മാതൃഭൂമി സ്പോർട്സ് മാസികയിൽ

D. ഇന്ത്യാ ടുഡേയിൽ

8.(VI) "ഞാൻ ഇന്നലെ മാനാഗ്രാമത്തിനപ്പുറം മാനാപാസ് ഗ്രാമത്തിൽ സ്ഥലം പരിശോധിക്കാൻ പോയതായിരുന്നു"

(i) ആരാണ് പോയത്?

A. ലേഖകൻ

B. ദൊര

C. ഗൈഡ്

D. സൂര്യപ്രകാശ്

(ii) സ്ഥലപരിശോധന എന്തിനുവേണ്ടിയായിരുന്നു?

A. അലുമിനിയം ക്യാമ്പ് നിർമ്മാണത്തിന്

B. ക്വാർട്ടേർസ് പണിയാൻ

C. നിരീക്ഷണപോസ്റ്റ് സ്ഥാപിക്കാൻ

D. വിനോദസഞ്ചാരത്തിന്

9. ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (4x4=16)

9.(I) "സജ്ജനനിന്ദ കൊണ്ടേ ദുർജനം സന്തോഷിപ്പൂ" ഈ പ്രസ്താവന ദുഷ്യന്തന്റെ സ്വഭാവത്തിന് എപ്രകാരം യോജിക്കുന്നു?

9.(II) ശത്രുക്കളോടുള്ള തന്റെ പ്രതികാരവാഞ്ഛ കാട്ടാളന്റെ വാക്കുകളിൽ തെളിയുന്നതെങ്ങനെ?

9.(III) 'കേശിനീമൊഴി' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി കവിയുടെ ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തുക.

9.(IV) 'പിറവീലുള്ളൊരു ജാതകദോഷം' തന്നെ എങ്ങനെയൊക്കെ ബാധിക്കുന്നു എന്നാണ് ശീലാവതി ആവലാതിപ്പെടുന്നത്?

9.(V) 'അയുക്തി ഹാസ്യത്തിന് കാരണമാകാറുണ്ട് '- ഇത് 'തേങ്ങ' എന്ന പാഠഭാഗത്തിന് യോജിക്കുന്നുണ്ടോ? സമർത്ഥിക്കുക.

10. ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (4x4=16)

10.(I) 'മാജിക്കൽ റിയലിസം' എന്ന രചനാസങ്കേതം പ്രകാശം ജലം പോലെയാണ് എന്ന കഥയിൽ എങ്ങനെ ഉപയോഗിച്ചിരിക്കുന്നു?

10.(II) 'കണ്ട് കണ്ട് എല്ലാ പടങ്ങളും ഒരേ പോലെയാണെന്ന് അയാൾക്ക് തോന്നി ' ഈ അവസ്ഥയിലേക്ക് ദിവാകരനെ നയിച്ചത് എന്തെല്ലാം?

10.(III) 'ഗൗളിജന്മം 'എന്ന കഥയുടെ പ്രത്യേകത അതിന്റെ ആഖ്യാന രീതിയാണ്- വിവരിക്കുക.

10.(IV) പൗരാണികസ്മരണകളുടെ ഒരു പൂങ്കാവനം ആണ് ബദരിയുടെ പരിസരങ്ങൾ എന്ന് ലേഖകൻ നിരീക്ഷിക്കുന്നത് എങ്ങനെ?

10.(V) " ഇത്ര വികാരനിർഭരമായ യാത്രയയപ്പ് ഇന്ത്യയിലെ ഒരു കായിക താരത്തിനും ഇന്നേവരെ ലഭിച്ചിട്ടുണ്ടാവില്ല " എന്ന് ലേഖകൻ അഭിപ്രായപ്പെടാൻ കാരണമെന്ത്?

==================================